**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **269** **02.03.2020** – ൽ മറുപടിയ്ക്ക്

## സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന പദ്ധതികൾ

ചോദ്യം

ശ്രീ.കെ.ബി.ഗണേഷ് കുമാർ

മറുപടി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശുവികസനവും
വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | നിർദ്ധന രോഗികൾക്ക് ജീവൻരക്ഷാ ചികിത്സാ സഹായം നൽകുന്നതിനായി സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കി വരുന്ന പദ്ധതികളെക്കുറിച്ച് വിശദീകരിക്കുമോ; | (എ) | വിശദവിവരം അനുബന്ധം I ആയി ചേർക്കുന്നു |
| (ബി) | പ്രസ്തുത ചികിത്സാ സഹായം ലഭ്യമാക്കുന്നതിന് അപേക്ഷ സമർപ്പിക്കേണ്ടത് സംബന്ധിച്ച മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; | (ബി) | വിശദവിവരം അനുബന്ധം II ആയി ചേർക്കുന്നു |
| (സി) | നടപ്പ് സാമ്പത്തിക വർഷത്തിൽ സാമൂഹ്യ സുരക്ഷാ മിഷൻ വഴി ഇതിനകം എത്ര രോഗികൾക്ക് ചികിത്സാ ധനസഹായം നൽകിയെന്നും, ജില്ല തിരിച്ച് യഥാക്രമം എത്ര തുക വീതം നൽകിയെന്നും വിശദമാക്കുമോ? | (സി) | വിശദവിവരം അനുബന്ധം III ആയി ചേർക്കുന്നു |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം I

## 1. വി കെയർ പദ്ധതി

സർക്കാരിന്റെ മററ് സ്കീമുകളിലൊന്നും ഉൾപ്പെട്ടിട്ടില്ലാത്ത സമൂഹത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന അശരണരും നിരാലംബരുമായ രോഗികൾക്ക് ചികിത്സാ സഹായം,സാമ്പത്തിക സഹായം,വിദ്യാഭ്യാസ ധനസഹായം,സഹായോപകരണങ്ങൾ എന്നിവ അനുവദിക്കുന്നതിനു വേണ്ടി കേരള സാമൂഹ്യ സുരക്ഷ മിഷൻറെ കീഴിൽ പ്രവർത്തിച്ചു വരുന്ന പദ്ധതിയാണ് വി കെയർ.

## 2. താലോലം പദ്ധതി

ശസ്ത്രക്രിയ ആവശ്യമുള്ള വൃക്ക വൈകല്യങ്ങൾ, ഹൃദയ വൈകല്യങ്ങൾ, സെറിബ്രിറൽ പാൾസി, ഹീമോഫീലിയ, താലസ്സീമിയ, സിക്കിൾസെൽ അനീമിയ, അസ്ഥിവൈകല്യങ്ങൾ, ഞരമ്പുസംബന്ധമായ വൈകല്യങ്ങൾ എന്നീ രോഗങ്ങൾക്ക് താലോലം പദ്ധതിയിൽ സൗജന്യ ചികിത്സ ലഭ്യമാണ്. എൻഡോസൾഫാൻ കീടനാശിനി ഉപയോഗത്തെ തുടർന്ന് കാസർഗോഡ് ജില്ലയിലെ രോഗബാധിതരുടെ ചികിത്സാ ചെലവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നു. കൂടാതെ ഡയാലിസിസ് നടത്തുന്നതിനും ശസ്ത്രക്രിയ ചെയ്യുന്നതിനും അവയവങ്ങൾ മാറ്റിവെയ്ക്കുന്നതിനും ആവശ്യമായ ചെലവുകൾ, അത്യാഹിത സന്ദർഭങ്ങളിൽ ജീവൻ രക്ഷിക്കുന്നതിനാവശ്യമായ എല്ലാ ചികിത്സയ്ക്കും സർജറിയ്ക്കും വേണ്ടുന്ന ചെലവുകൾ എന്നിവ സ്വന്തമായി വഹിക്കാൻ കഴിയാത്തവിധം വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ കുട്ടികൾക്ക് ഈ പദ്ധതിയിലൂടെ സഹായം ലഭ്യമാണ്. ഇത്തരത്തിലുള്ള കുട്ടികളെ പദ്ധതിയിൽ രജിസ്ററർ ചെയ്ത് ആനുകൂല്യം അനുവദിക്കുന്നതിനായി കൗൺസിലർമാരുടെ സേവനവും ബന്ധപ്പെട്ട 18 ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

## 3. ക്യാൻസർ സുരക്ഷാ പദ്ധതി

18 വയസ്സുവരെ പ്രായമുള്ള ക്യാൻസർ ബാധിതരായ കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്ന പദ്ധതിയാണിത്. സംസ്ഥാനത്തെ കുടുംബ വാർഷിക വരുമാനം കുറഞ്ഞ ക്യാൻസർ ബാധിതരായ കുട്ടികൾക്ക് തിരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിലൂടെയാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിവരുന്നത്. ഇത്തരത്തിലുള്ള കുട്ടികളെ പദ്ധതിയിൽ രജിസ്ററർ ചെയ്ത് ആനുകൂല്യം അനുവദിക്കുന്നതിനായി കൗൺസിലർമാരുടെ സേവനവും ബന്ധപ്പെട്ട 13 ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

## 4. ശ്രുതിതരംഗം പദ്ധതി

സംസ്ഥാനത്തെ ജന്മനാ ബധിരരും മൂകരുമായ കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാൻറേഷൻ സർജറി നടത്തി രണ്ട് വർഷം നീണ്ടു നിൽക്കുന്ന ആഡിറ്ററി വെർബൽ ഹബിലിറ്റേഷനിലൂടെ കുട്ടികളുടെ ശ്രവണശേഷിയും സംസാരശേഷിയും വീണ്ടെടുക്കുകയെന്നതാണ് ശ്രുതിതരംഗം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

## 5. ധ്വനി പദ്ധതി

ശ്രുതിതരംഗം പദ്ധതി ആരംഭിക്കുന്നതിനു മുൻപ് സ്വന്തം ചെലവിൽ കോക്ലിയാർ ഇംപ്ലാൻറേഷൻ ശസ്ത്രക്രിയ പൂർത്തീകരിച്ച കുട്ടികൾക്ക് സ്പീച്ച് പ്രോസസർ അപ്ഗ്രേഡ് ചെയ്തു നൽകുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

## 6. സമാശ്വാസം

വൃക്ക തകരാറുമൂലം സ്ഥിരമായി ഡയാലിസിസ് വേണ്ടിവരുന്ന സമൂഹത്തിൽ വളരെയധികം കഷ്ടത അനുഭവിക്കുന്ന ബി.പി.എൽ വിഭാഗത്തിലുള്ളവർക്ക് സമാശ്വാസം (1) ലും, വൃക്ക /കരൾ തകരാറായി മാറ്റി വയ്ക്കലിന് വിധേയരാകുന്ന 1 ലക്ഷം രൂപയിൽതാഴെ വരുമാനമുള്ളവർക്ക് സമാശ്വാസം (2) ലും, ഹീമോഫീലിയ രോഗ ബാധിതരായവർക്ക് സമാശ്വാസം (3) ലും, അരിവാൾ രോഗം ബാധിച്ചവർക്ക് ,പ്രതിവർഷം 1 ലക്ഷം രൂപയിൽ താഴെ വരുമാനമുള്ളവരുമായവർക്ക് സമാശ്വാസം (4) ലും ഉൾപ്പെടുത്തി മിഷൻ ചികിൽസ ധന സഹായം അനുവദിക്കുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം II**

**മാനദണ്ഡങ്ങൾ**

1. **വി.കെയർ** : ടി പദ്ധതിയിൽ നിന്നും ചികിത്സാ സഹായം ലഭ്യമാക്കുന്നതിനായി അപേക്ഷകന്റെ പേര്, അഡ്രസ്സ്, ഫോൺ നമ്പർ എന്നിവ ഉൾപ്പെടുത്തി കേരള സാമൂഹ്യ സുരക്ഷ മിഷൻ ഡയറക്ടറുടെ പേരിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ടി അപേക്ഷയിൽ ഏത് രോഗത്തിനാണ് ചികിത്സാ സഹായം ആവശ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കേണ്ടതാണ്. അപേക്ഷയോടൊപ്പം റേഷൻകാർഡ്, ആധാർ കാർഡ്, ബാങ്ക് പാസ് ബുക്ക്, (അക്കൗണ്ട് നമ്പറിന്റെ വിശദാംശങ്ങളുൾപ്പെട്ട പേജ്) രോഗത്തിന്റെയും ചികിത്സയുടെയും ചെലവ് രേഖപ്പെടുത്തിയിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ,സ്വകാര്യ ആശുപത്രിയിൽ മാത്രമെ ചികിത്സ നടത്താനാവൂ എന്ന സാഹചര്യമാണെങ്കിൽ ഗവൺമെന്റ് ആശുപത്രിയിൽ നിന്നുള്ള റെഫറൽ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകളുടെ പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

2. **താലോലം പദ്ധതി** :

1. സംസ്ഥാനത്തിനകത്തുള്ള 18 വയസ്സിനു താഴെയുള്ള കുട്ടികളായിരിക്കണം.
2. എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളിൽ കിടത്തി ചികിത്സ നേടുന്ന കുട്ടികളായിരിക്കണം.
3. ചികിത്സാ ചെലവുകൾ സ്വന്തമായി വഹിക്കുവാൻ കഴിയാത്ത വിധം വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ കുട്ടികളായിരിക്കണം.
4. സർക്കാർ,അർദ്ധ സർക്കാർ,പൊതുമേഖല സ്ഥാപനങ്ങൾ സ്വകാര്യ സ്ഥാപനങ്ങൾ,സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങി മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ലഭിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ മക്കൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതല്ല.
5. മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതികളുടെ പരിധിയിൽ വരുന്ന അർഹതയുള്ള കുട്ടികൾക്ക് ഇൻഷ്വറൻസ് കമ്പനികൾ നൽകുന്ന തുകയ്ക്കുപരിയായി ചികിത്സയ്ക്ക് ചെലവാകുന്ന തുക ലഭിക്കുന്നതാണ്.
6. സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള എല്ലാ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളായ എല്ലാ കുട്ടികൾക്കും ചികിത്സാ സഹായം ലഭിക്കുന്നതാണ്.

3. **ക്യാൻസർ സുരക്ഷാ പദ്ധതി**

1. 18 വയസ്സു വരെ പ്രായമുള്ള കുറഞ്ഞ വരുമാനമുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് സൗജന്യ ചികിത്സാ സഹായം ലഭിക്കുന്നതാണ്. ചികിത്സ ആരംഭിച്ച ശേഷം 18 വയസ്സ് പൂർത്തിയാകുന്ന രോഗികൾക്ക് പരമാവധി 1 വർഷം കൂടി ഈ പദ്ധതി പ്രകാരം ചികിത്സാ സഹായം അനുവദിക്കും. സവിശേഷമായ കേസുകൾ ഉണ്ടാകുന്ന പക്ഷം ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടിന്റേയും ചികിത്സിക്കുന്ന ഡോക്ടറുടെയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഗവേണിംഗ് ബോഡിക്ക് മേൽപ്പറഞ്ഞ നിബന്ധനയിൽ അയവു വരുത്താവുന്നതാണ്.

2. ഒരു കുട്ടിയ്ക്ക് പരമാവധി 50000/- രൂപ വരെയുള്ള ചികിത്സ സൗജന്യമായി ലഭിക്കുന്നതാണ്. ഇതിലും കൂടുതൽ തുക ചെലവാകുന്ന പക്ഷം ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ട്, റേഡിയോ തെറാപ്പി വിഭാഗത്തിന്റെ തലവൻ എന്നിവരുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ചികിത്സാ സഹായം അനുവദിക്കാവുന്നതാണ്. ഇത്തരം കേസുകൾ എക്സിക്യൂട്ടീവ് കമ്മിററിയുടെ സാധൂകരണത്തിന വയ്ക്കേണ്ടതാണ്.
3. ക്യാൻസർ രോഗമാണെന്ന് ഉറപ്പ് വരുത്തിയ ശേഷമുള്ള ചികിത്സയ്ക്ക് മാത്രമെ ധനസഹായം അനുവദിക്കുകയുള്ളൂ. ഈ ആനുകൂല്യം ലഭിക്കുന്നതിനായി സർക്കാർ അംഗീകൃത സ്ഥാപനങ്ങളിലെ റേഡിയോ തെറാപ്പി/ഓങ്കോളജി വിഭാഗത്തിൽ രോഗിയുടെ ബയോപ്സി/റേഡിയോളജിക്കൽ ഇമേജിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രജിസ്ററർ ചെയ്യേണ്ടതാണ്.

## 4. ശ്രുതിതരംഗം പദ്ധതി

1. 0-3 വയസ്സുവരെയുള്ള കുട്ടികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ രംഗത്തെ വിദഗ്ധരടങ്ങിയ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റിയുടെ പരിശോധനയിൽ സർജറി ചെയ്താൽ ഗുണകരമാകുമെന്ന് വിലയിരുത്തുന്ന പരമാവധി 5 വയസ്സുവരെയുള്ള കുട്ടികൾക്കും പദ്ധതി ആനുകൂല്യം അനുവദിക്കുന്നു.
2. കുടുംബത്തിന്റെ വാർഷിക വരുമാനം 2 ലക്ഷം രൂപയ്ക്ക് താഴെയായിരിക്കണം.
3. കേരളത്തിലുള്ള കുട്ടികളായിരിക്കണം.
4. ശ്രുതിതരംഗം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിലെ വിദഗ്ധർ കുട്ടികളെ കോക്ലിയാർ ഇംപ്ലാൻറേഷന് ശുപാർശ ചെയ്തിട്ടുണ്ടായിരിക്കണം. കുട്ടിക്ക് കോക്ലിയാർ ഇംപ്ലാൻറേഷന്റെ വിജയത്തെ ബാധിക്കുന്ന വൈദ്യശാസ്ത്രപരമായ മറ്റ് പോരായ്മകൾ ഉണ്ടാകുവാൻ പാടുള്ളതല്ല.
5. കുട്ടിയുടെ രക്ഷിതാക്കൾ ഓപ്പറേഷന് ശേഷമുള്ള പരിചരണത്തിനും സ്പീച്ച് തെറാപ്പിക്കുമുള്ള പരിശീലനപരിപാടികളിൽ പങ്കെടുക്കാനും രണ്ട് വർഷം നീണ്ടു നിൽക്കുന്ന തുടർ ചികിത്സയായ ആഡിറ്ററി വെർബൽ ഹബിലിറ്റേഷൻ നൽകാനും സന്നദ്ധതയുള്ളവരായിരിക്കണം.
6. ശ്രുതിതരംഗം പദ്ധതിയെപ്പറ്റി മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ചുള്ള സത്യവാങ്മൂലം 200 രൂപ മുദ്രപത്രത്തിൽ ഒപ്പിട്ട് നൽകണം.

## 5. ധ്വനി പദ്ധതി

1. ശ്രുതിതരംഗം പദ്ധതി ആരംഭിക്കുന്നതിനു മുൻപ് കോക്ലിയാർ ഇംപ്ലാൻറേഷൻ ശസ്ത്രക്രിയ പൂർത്തീകരിച്ച കുട്ടികളായിരിക്കണം.
2. 25 വയസ്സിനുള്ളിൽ പ്രായമുള്ളവരായിരിക്കണം.
3. കുടുംബത്തിന്റെ വാർഷിക വരുമാനം 2 ലക്ഷം രൂപയ്ക്ക് താഴെയായിരിക്കണം. 2 ലക്ഷം രൂപയ്ക്ക് മുകളിൽ വാർഷിക വരുമാനം ഉള്ള കുടുംബമാണെങ്കിൽ സ്പീച്ച് പ്രോസസർ അപ്ഗ്രേഡ് ചെയ്യുന്നതിനാവശ്യമായ തുക കേരള സാമൂഹ്യ

സുരക്ഷാ മിഷനിൽ ലഭ്യമാക്കുന്ന പക്ഷം കേരള സാമൂഹ്യ സുരക്ഷാ മിഷൻ അപ്ഗ്രേഡ് ചെയ്യുന്ന നിരക്കിൽ സ്പീച്ച് പ്രോസസർ വാങ്ങി നൽകുന്നതാണ്.

4. കേരളത്തിലുള്ള കുട്ടികളായിരിക്കണം.
5. കോക്ലിയാർ ഇംപ്ലാൻറേഷൻ ശസ്ത്രക്രിയ പൂർത്തീകരിച്ച ശേഷം സംസാര ശേഷി ലഭ്യമായ കുട്ടികളായിരിക്കണം. നിലവിൽ ഉപയോഗിക്കുന്ന സ്പീച്ച് പ്രോസസർ നന്നായി സൂക്ഷിച്ചവരായിരിക്കണം.
6. ബന്ധപ്പെട്ട ആശുപത്രികളിലെ വിദഗ്ദ്ധർ കുട്ടികളെ സ്പീച്ച് പ്രോസസർ അപ്ഗ്രേഡേഷനായി ശുപാർശ ചെയ്തിട്ടുണ്ടായിരിക്കണം.
7. ധ്വനി പദ്ധതിയെപ്പറ്റി മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ചുള്ള സത്യവാങ്ങ്മൂലം 200 രൂപ മുദ്രപത്രത്തിൽ ഒപ്പിട്ട് നൽകണം.

## 6. <u>സമാശ്വാസം പദ്ധതി</u>

### <u>സമാശ്വാസം 1</u>

1. ബി.പി.എൽ വിഭാഗത്തിൽപെടുന്നുവെന്ന് തെളിയിക്കുന്ന ബി.പി.എൽ സർട്ടിഫിക്കറ്റ്/ ബി.പി.എൽ റേഷൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
2. രോഗി മാസത്തിൽ ഒരു തവണയെങ്കിലും ഡയാലിസിസിന് വിധേയമാകുന്നുവെന്നുള്ള സർക്കാർ/സ്വകാര്യ ആശുപത്രിയിലെ വൃക്കരോഗ വിദഗ്ധർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്. ടി സർട്ടിഫിക്കറ്റിൽ ഡയാലിസിസ് ആരംഭിച്ച തീയതി കൂടി രേഖപ്പെടുത്തേണ്ടതാണ്.
3. അപേക്ഷകൻറെപേരിൽ നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ഉണ്ടായിരിക്കണം.ബാങ്ക്പാസ്സ്ബുക്കിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ചേർക്കേണ്ടതാണ്.
4. ആധാർ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് എന്നീ രേഖകൾ സഹിതം നിശ്ചിത ഫോറത്തിൽ അപേക്ഷിക്കേണ്ടതാണ്.
5. അപേക്ഷാഫോറം, ഐ.സി.ഡി.എസ് പ്രോജക്ട് ആഫീസുകൾ, പഞ്ചായത്താഫീസുകൾ, കോർപ്പറേഷൻ/മുനിസിപ്പൽ ഓഫീസുകൾ/ അംഗൻവാടികൾ എന്നിവിടങ്ങളിൽ നിന്നും, സാമൂഹ്യ സുരക്ഷാ മിഷൻ വെബ്സൈറ്റ്/ ഓഫീസിൽ നിന്നും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷഫോറം ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട ശിശുവികസനപദ്ധതി ഓഫീസർക്ക് നൽകേണ്ടതാണ്. ശിശുവികസന പദ്ധതി ഓഫീസർ അന്വേഷണം നടത്തി ശിപാർശ സഹിതം അപേക്ഷ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സി കൃൂട്ടീവ് ഡയറക്ടർക്ക് നൽകേണ്ടതാണ്.

### <u>സമാശ്വാസം II</u>

വൃക്ക/കരൾ അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ രോഗികൾക്ക് പ്രതിമാസം 1000 രൂപ നിരക്കിൽ അനുവദിക്കുന്നു. 1 ലക്ഷം രൂപ വരെ കുടുംബവാർഷിക വരുമാനമുള്ളവർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്. ശസ്ത്രക്രിയ കഴിഞ്ഞ് 5 വർഷം വരെയാണ് ധനസഹായം അനുവദിക്കുന്നത്.

1. വൃക്ക/കരൾ മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായി തുടർ ചികിത്സ നടത്തുന്നയാളാണെന്ന് വൃക്ക/കരൾ രോഗ വിദഗ്ദ്ധൻ നൽകുന്ന സർട്ടിഫിക്കറ്റ്
2. വൃക്ക/കരൾ മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ശേഷം ബന്ധപ്പെട്ട ആശുപത്രികൾ നൽകുന്ന ഡിസ്ചാർജ് ഷീറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
3. കുടുംബവാർഷിക വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ആഫീസർ നൽകുന്ന സർട്ടിഫിക്കറ്റ്.
4. അപേക്ഷകൻറെ പേരിൽ ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിന്റെ പാസ്സ്ബുക്കിന്റെ പകർപ്പ് എന്നീ രേഖകൾ സഹിതം നിശ്ചിത ഫോറത്തിൽ അപേക്ഷിക്കേണ്ടതാണ്.

അപേക്ഷാഫോറം, ഐ.സി.ഡി.എസ് പ്രോജക്റ്റ് ആഫീസുകൾ, പഞ്ചായത്താഫീസുകൾ, കോർപ്പറേഷൻ/മുനിസിപ്പൽ ഓഫീസുകൾ/ അംഗൻവാടികൾ എന്നിവിടങ്ങളിൽ നിന്നും, സാമൂഹ്യ സുരക്ഷാ മിഷൻ വെബ്സൈറ്റ്/ ഓഫീസിൽ നിന്നും ലഭ്യമാണ്. അപേക്ഷകൾ മുഴുവൻ രേഖകൾ സഹിതം ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർക്ക് നൽകേണ്ടതാണ്. ശിശുവികസന പദ്ധതി ഓഫീസർ അന്വേഷണം നടത്തി ശുപാർശസഹിതം അപേക്ഷ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകേണ്ടതാണ്.

## സമാശ്വാസം III :

രക്തം കട്ട പിടിക്കാൻ ആവശ്യമായ ക്ലോട്ടിംഗ് ഫാക്ടറുകളായ 8, 9, 11, 13 എന്നിവയുടെ കുറവു മൂലം ഹീമോഫീലിയായും അനുബന്ധരോഗങ്ങളും ബാധിച്ചവർക്ക് പ്രതിമാസം 1000/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നു. വരുമാന പരിധി ബാധകമാക്കാതെയാണ് ധനസഹായം അനുവദിക്കുന്നത്.

ഹീമോഫീലിയരോഗിയാണെന്ന് ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിലെ/ ആലുവ ജില്ലാ ആശുപത്രിയിലെ/പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ . മെഡിസിൻ/ പീഡിയാട്രിക്/ഹെമറ്റോളജി വിഭാഗങ്ങളിലെ ഏതെങ്കിലും ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റ് ആവശ്യമാണ്. ടി സർട്ടിഫിക്കറ്റിൽ വകുപ്പ് തലവനോ ആശുപത്രി സൂപ്രണ്ടോ മേലൊപ്പിട്ടിരിക്കേണ്ടതാണ്.

നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ആരംഭിച്ച് ലഭിക്കുന്ന പാസ്സ് ബുക്കിന്റെ പകർപ്പ് നൽകേണ്ടതാണ്. നിശ്ചിതഫോറത്തിൽ അപേക്ഷ ആവശ്യമായ രേഖകൾ സഹിതം കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അയച്ചുതരേണ്ടതാണ്.

അപേക്ഷാഫോറം സാമൂഹ്യ സുരക്ഷാ മിഷന്റെ വെബ്സൈറ്റ്/ ഓഫീസിൽ നിന്നും ലഭ്യമാണ്.

## സമാശ്വാസം IV

1. സംസ്ഥാനത്ത് ട്രൈബൽ വിഭാഗത്തിൽപ്പെടാത്ത അരിവാൾ രോഗം
ബാധിച്ച ദാരിദ്ര്യരേഖക്ക് താഴെയുള്ള പൊതുവിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ രോഗബാധിതരാണ് ഗുണഭോക്താക്കൾ.

2. അപേക്ഷകർ അരിവാൾ രോഗം (HBSS) ബാധിച്ചവരോ HBS combination ബാധിച്ചവരോ ആണെന്ന് HPLC (High Performing Liquid Chromatography) വഴി കണ്ടെത്തിയവരായിരിക്കണം. കോഴിക്കോട് മെഡിക്കൽ കോളേജ് പത്തോളജി വിഭാഗത്തിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

3. (HBAS) Sickel cell trair cases ന് ചികിത്സ ആവശ്യമില്ല. അതിനാൽ അത്തരം കേസുകളെ ടി പദ്ധതിയിൽ പരിഗണിക്കുന്നതല്ല.

4. പട്ടികവർഗ്ഗക്കാരല്ലാത്ത അരിവാൾ രോഗം ബാധിച്ചവരെ മാത്രമേ ഈ പദ്ധതിയിൽ പരിഗണിക്കുകയുള്ളൂ.

5. പ്രതിമാസം 2000/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നു.

## ധനസഹായത്തിനുള്ള നടപടിക്രമങ്ങൾ

1. അപേക്ഷയോടൊപ്പം കോഴിക്കോട് മെഡിക്കൽ കോളേജ് പത്തോളജി വിഭാഗം വകുപ്പ് തല മേധാവിയുടെയോ, അദ്ദേഹം ചുമതലപ്പെടുത്തിയ ഡോക്ടറുടെയോ സർട്ടിഫിക്കറ്റ് നൽകണം.

2. വില്ലേജ് ഓഫീസർ നൽകുന്ന ജാതിസർട്ടിഫിക്കറ്റ് നൽകണം.

3. ബി.പി.എൽ റേഷൻകാർഡിന്റെ ഗസറ്റഡ് ആഫീസർ അറ്റസ്റ്റ് ചെയ്ത കോപ്പി.

4. അപേക്ഷകൻറെ പേരിൽ കോർ ബാങ്കിംഗ് സൗകര്യമുള്ള നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചിട്ടുള്ള പാസ്സ് ബുക്കിന്റെ അക്കൗണ്ട് നമ്പർ, അഡ്രസ്സ് എന്നിവ ഉൾപ്പെട്ട പേജിന്റെ പകർപ്പ് നൽകണം.

5. അപേക്ഷകന്റെ ആധാറിന്റെ പകർപ്പ്.

6. നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫോറം പൂരിപ്പിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ

# അനുബന്ധം III

കേരള സാമൂഹ്യ സുരക്ഷ മിഷനിൽ നടപ്പിലാക്കി വരുന്ന പദ്ധതിക ൾ മുഖേന ചികിത്സ സഹായം നൽകിയ രോഗികളുടെ എണ്ണവും നൽകിയ തുകയുടെയും വിശദവിവരം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

1. **ശ്രുതിതരംഗം പദ്ധതി**

| ക്രമ നമ്പർ | ജില്ല | രോഗികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| 1 | മലപ്പുറം | 10 | 3930680 |
| 2 | പാലക്കാട് | 4 | 1572272 |
| 3 | കൊല്ലം | 4 | 1572272 |
| 4 | കണ്ണൂർ | 5 | 1965340 |
| 5 | തൃശൂർ | 4 | 1572272 |
| 6 | കാസർഗോഡ് | 5 | 1965340 |
| 7 | തിരുവനന്തപുരം | 4 | 1572272 |
| 8 | എറണാകുളം | 1 | 393068 |
| 9 | പത്തനംതിട്ട | 2 | 786136 |
| 10 | ആലപ്പുഴ | 2 | 786136 |
| 11 | കോഴിക്കോട് | 9 | 3537612 |
| 12 | വയനാട് | 3 | 1179204 |
| 13 | കോട്ടയം | 1 | 393068 |

2. **ധ്വനി പദ്ധതി**

| ക്രമ നമ്പർ | ജില്ല | രോഗികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| 1 | തിരുവനന്തപുരം | 2 | 514500 |
| 2 | കൊല്ലം | 1 | 257250 |
| 3 | തൃശൂർ | 1 | 257250 |
| 4 | എറണാകുളം | 1 | 257250 |
| 5 | കാസർകോഡ് | 1 | 257250 |
| 6 | മലപ്പുറം | 1 | 257250 |

ക്യാൻസർ സുരക്ഷ, താലോലം എന്നീ പദ്ധതികൾ ബന്ധപ്പെട്ട ആശുപത്രികൾ മുഖേനയാണ് നടപ്പിലാക്കുന്നത്. പ്രസ്തുത ആശുപത്രികൾക്ക് പദ്ധതി നടപ്പിലാക്കുന്നതിനായി അഡ്വാൻസ് തുക നൽകി ചികിത്സ ലഭ്യമാക്കുകയാണ് ചെയ്യുന്നത്.

ക്യാൻസർ സുരക്ഷ പദ്ധതി പ്രകാരം നടപ്പു സാമ്പത്തിക വർഷം 14 ജില്ലകളിൽ നിന്നായി പുതുതായി 421 കുട്ടികളെ രജിസ്ററർ ചെയ്ത് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്.

താലോലം പദ്ധതി പ്രകാരം നടപ്പു സാമ്പത്തിക വർഷം 14 ജില്ലകളിൽ നിന്നായി 1145 കുട്ടികളെ രജിസ്ററർ ചെയ്ത് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. ആയതിലേയ്ക്ക് 4,45,00,000/- രൂപ ആശുപത്രികൾക്ക് അനുവദിച്ചിട്ടുണ്ട്.

3. **വി.കെയർ പദ്ധതി**

| ക്രമ നമ്പർ | ജില്ല | രോഗികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| 1 | തിരുവനന്തപുരം | 109 | 13336862 |
| 2 | കൊല്ലം | 20 | 3522942 |
| 3 | പത്തനംതിട്ട | 5 | 568347 |
| 4 | ആലപ്പുഴ | 15 | 5082050 |
| 5 | കോട്ടയം | 6 | 130000 |
| 6 | എറണാകുളം | 12 | 5385733 |
| 7 | തൃശൂർ | 13 | 2952195 |
| 8 | മലപ്പുറം | 10 | 1596867 |
| 9 | കോഴിക്കോട് | 23 | 3051917 |
| 10 | പാലക്കാട് | 22 | 531822 |
| 11 | ഇടുക്കി | 8 | 1035000 |
| 12 | കണ്ണൂർ | 42 | 3869049 |
| 13 | വയനാട് | 3 | 516425 |
| 14 | കാസർകോഡ് | 10 | 612500 |

3 .**സമാശ്വാസം പദ്ധതി**

| District | SAMA I | | SAMA II | | SAMA III | | SAMA IV | | SNEHASPARSAM | |
|---|---|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 406 | 446600 | 84 | 374000 | 104 | 832000 | | | 199 | 6368000 |
| കൊല്ലം | 380 | 418000 | 86 | 381000 | 70 | 560000 | | | 26 | 832000 |
| പത്തനംതിട്ട | 158 | 173800 | 24 | 108000 | 30 | 240000 | | | 23 | 736000 |
| ആലപ്പുഴ | 219 | 240900 | 88 | 388000 | 86 | 688000 | | | 153 | 4896000 |
| ഇടുക്കി | 81 | 89100 | 17 | 71000 | 41 | 328000 | | | 13 | 416000 |
| കോട്ടയം | 157 | 172700 | 51 | 222000 | 66 | 528000 | | | 182 | 5824000 |
| എറണാകുളം | 290 | 319000 | 124 | 554000 | 138 | 1104000 | | | 84 | 2688000 |
| തൃശ്ശൂർ | 319 | 350900 | 120 | 552000 | 203 | 1624000 | | | 23 | 736000 |
| പാലക്കാട് | 226 | 248600 | 79 | 361000 | 104 | 832000 | | | 140 | 4480000 |
| മലപ്പുറം | 368 | 404800 | 158 | 73000 | 193 | 1544000 | 3 | 48000 | 42 | 1344000 |
| കോഴിക്കോട് | 482 | 530200 | 140 | 648000 | 103 | 824000 | 2 | 32000 | 134 | 4288000 |
| കണ്ണൂർ | 340 | 374000 | 75 | 337000 | 106 | 848000 | | | 85 | 2720000 |
| വയനാട് | 85 | 93500 | 33 | 155000 | 48 | 384000 | 193 | 3088000 | 56 | 1792000 |
| കാസർഗോഡ് | 79 | 86900 | 27 | 119000 | 53 | 424000 | | | 108 | 3456000 |

സെക്ഷൻ ഓഫീസർ